# ജി.എൽ.പി.എസ്. മേലഡൂർ അടിസ്ഥാനവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ജി.എൽ.പി.എസ്. മേലഡൂർ

വിലാസം : ജി.എൽ.പി.എസ്, മേലഡൂർ, 680741 തൃശൂർ ജില്ല

ഹെഡ്മിസ്ട്രസ്സ് : ഷാനി ടി കെ

ഫോൺ നമ്പർ : 0480 2770702

സ്കൂൾ കോഡ് : 23520

വിദ്യാഭ്യാസ ജില്ല : ഇരിങ്ങാലക്കുട

റവന്യൂ ജില്ല : തൃശ്ശൂർ

ബി ആർ സി : മാള

ഗ്രാമപഞ്ചായത്ത് : അന്നമനട

ബ്ലോക്ക് പഞ്ചായത്ത് : മാള

ജില്ലാപഞ്ചായത്ത് : തൃശ്ശൂർ

വില്ലേജ് : ആലത്തൂർ

താലൂക്ക് : ചാലക്കുടി

ഇ- മെയിൽ : glpsmeladur2012@gmail.com

# ആമുഖം

തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ മേലഡൂർ എന്ന ഗ്രാമത്തിൽ നൂറിലധികം വർഷമായി നിലകൊള്ളുന്ന വിദ്യാലയമാണ് ജി എൽ പി എസ് മേലഡൂർ, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിൽ കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പോൾ പരഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. "സ്കൂൾ തന്നെ പാഠപുസ്തകം" എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാ ഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങ ളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# സ്കൂൾ ചരിത്രം

നിലവിലുള്ള രേഖകൾ പ്രകാരം ഒരുനൂറ്റാണ്ടിന്റെയെങ്കിലും പാരമ്പര്യം അവകാശപ്പെടാവുന്ന കാലാനുസൃതമായ മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ട് മികവുറ്റ രീതിയിൽ നടത്തപ്പെടുന്ന തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ മേലഡൂർ എന്ന കൊച്ചുഗ്രാമത്തിലാണ് ഈ പ്രൈമറി വിദ്യാലയം സ്ഥിതിചെയ്യുന്നത്.

ഈ വിദ്യാലയം ഇരിക്കുന്ന സ്ഥാലം മാളിയേക്കൽ ചാലയ്ക്കൽ ദേവസ്സി എന്ന വ്യക്തിയുടെ പേരിലുള്ള ഭൂമിയിലാണ്. മേലഡൂർ നിവാസികൾ ഒരു ദേവാലയം വേണമെന്ന ആഗ്രഹത്തിൽ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്ത് ഒരു ഓല ഷെഡ് നിർമിച്ച് ആരാധന നടത്തിയിരുന്നതായി മേലഡൂർ പള്ളിയുടെ ചരിത്രരേഖകളിൽ പരാമർശം ഉണ്ട്. അന്ന് ഓലമേഞ്ഞ ഷെഡ്ഡിൽ പള്ളിയും പള്ളിക്കൂടവും ഒരുമിച്ച് പ്രവർത്തിച്ചിരുന്നതായി കാണുന്നു.

പുതിയസ്ഥലം കണ്ടെത്തി പള്ളിമാറ്റിസ്ഥാപിച്ചുവെങ്കിലും എഴുത്താശാൻ മാരുടെ അധ്യാപനത്തിനുകീഴിൽ പള്ളികൂടം പ്രവർത്തനം തുടർന്നു പിൽക്കാലത്ത് സർക്കാർ സഹായങ്ങൾക്കുള്ള ശ്രമങ്ങളെ തുടർന്ന് കൊച്ചി ദിവാൻ ആയിരുന്ന ഷൺമുഖം ചെട്ടിയാർ സ്കൂൾ സന്ദർശിക്കുകയും പുതിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. 1921-ൽ കൊച്ചി രാജ്യത്തെ സർക്കാർ വക പ്രൈമറിവിദ്യാലയങ്ങളിൽ ഒന്നായി ഇതു മാറി.

കൊച്ചുഗോവിന്ദൻ അച്ഛൻ, നാരായണമേനോൻ, തമ്മനം കൃഷ്ണമേനോൻ തുടങ്ങിയവർ സ്കൂളിലെ അധ്യാപകരായിരുന്നു. 1943-ലാണ് സ്കൂളിലെ ആദ്യത്തെ റിട്ടയർമെന്റ് എന്നത് പൂർവ്വ വിദ്യാർത്ഥി ഓർക്കുന്നു. ഇപ്പോൾ വിദ്യാലയത്തിന്റെ മുൻപിലായി നിൽക്കുന്ന മാവിന് 70 വയസ്സിന് മുകളിൽ പ്രായം അനുമാനിക്കുന്നു. സ്കൂളിലെ അധ്യാപകനായിരുന്ന കുന്നത്തുപറമ്പൻ തോമാസ് മാസ്റ്റർ തണലിനായി നട്ടതാണ് ഈ മാവ്.

1921 ൽ വരദാനങ്ങളുടെ നാടായ മേലഡൂരിന്റെ ഗ്രാമീണ ജനതയ്ക്ക് വിദ്യയുടെ ആദ്യാക്ഷരങ്ങൾ പകർന്നുകൊടുത്ത് അറിവിന്റെ വാതായനങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്നതിനായി പൂർവ്വസൂരികളായ പിതാമഹന്മാർ മുൻകൈയെടുത്ത് സ്ഥാപിച്ചതാണ് ഈ സ്കൂൾ.ഒരു നൂറ്റാണ്ട് പിന്നിടുമ്പോഴും വിദ്യാർത്ഥികൾക്ക് വിജ്ഞാനം പകർന്നു നൽകി ജ്ഞാനപ്രകാശം നൽകി അറിവിന്റെ വെളിച്ചമായി ഇന്നും ശിരസ്സുയർത്തി നിൽക്കുകയാണ് ഈ അക്ഷരമുത്തശ്ശി.

# പൊതു വിശകലനം

നൂറിൽപരം വർഷങ്ങൾ പിന്നിട്ട മേലഡൂർ ഗവ . എൽ പി സ്കൂൾ പരിവർത്തനത്തിന്റെ പാതയിലാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച കെട്ടിടം എസ് എസ് കെ സ്റ്റാർസ് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ വർണ്ണ കൂടാരം പ്രീ പ്രൈമറി ,പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആകർഷകമായ പ്രവേശന കവാടം ,ക്ലാസ് റൂമുകൾ എന്നിവ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായകമായി.

നിലവിൽ എം എൽ എ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടത്തിൽ രണ്ട് ക്ലാസ്സ് മുറികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു . ചുറ്റുമതിൽ ,ഉച്ചഭക്ഷണ ഹാൾ ,അടുക്കള എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്ത് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുകയും പഠന പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു.

പഠന ബോധന പ്രവർത്തനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിന് ഇന്ററാക്ടീവ് പാനലുകൾ , സ്മാർട്ട് ടിവികൾ , കമ്പ്യൂട്ടർ ലാബ് , പ്രൊജക്ടറുകൾ , സൗണ്ട് സിസ്റ്റം എന്നിവ ഏറെ സഹായിക്കുന്നുണ്ട്.

ദിവസേനയുള്ള അസംബ്ലിയും ദിനാചരണങ്ങളുടെ ഭാഗമായി നടത്തുന്ന പ്രത്യേക അസംബ്ലികളും കുട്ടികളുടെ അറിവും ആത്മവിശ്വാസവും വളർത്തുന്നതിന് സഹായിക്കുന്നു.

സുംബാ, എയ്റോബിക്സ് പരിശീലനങ്ങൾ മാനസികോല്ലാസത്തിനും കായിക വളർച്ചയ്ക്കും സഹായകമാണ്. ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തിവരുന്നു. ദിനാചരണങ്ങളുടെ ഭാഗമായി ക്വിസ് മത്സരങ്ങൾ, രചന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. പതിപ്പുകൾ ,പോസ്റ്ററുകൾ എന്നിവ ക്ലാസ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ട്. വിവിധ മത്സരങ്ങളിലെ വിജയികൾക്ക് പ്രോത്സാഹനം നൽകുന്നതിന് പിടിഎയുടെ നേതൃത്വത്തിൽ സ്പോൺസർഷിപ്പ് വഴി സമ്മാനങ്ങൾ നൽകിവരുന്നു.

എസ് എസ് കെ , ഡയറ്റ് എന്നിവ ഒരുക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത് ആധുനിക പഠനബോധന തന്ത്രങ്ങളെ കുറിച്ച് അധ്യാപകർ

ധാരണ കൈവരിക്കുകയും ക്ലാസ് മുറികളിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

ക്ലാസ് മുറികളിൽ വായനാ മൂലകൾ സജ്ജീകരിക്കുകയും ലൈബ്രറി പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുകയും ചെയ്യുന്നു. ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളിലെ പഠനം നേട്ടങ്ങൾ ഉറപ്പിക്കുന്നതിൽ ലാബ് ഉപകരണങ്ങൾ വലിയ പങ്കു വഹിക്കുന്നു.ഓരോ കുട്ടിയെയും പ്രത്യേകമായി പരിഗണിച്ചു കുട്ടിയുടെ കഴിവുകൾക്കും താല്പര്യങ്ങൾക്കും അനുസരിച്ചുള്ള പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു. ഉൾച്ചേർന്നുള്ള വിദ്യാഭ്യാസത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. ഭിന്നശേഷി വിദ്യാർഥികളുടെ ഉന്നമനത്തിനായി ആഴ്ചയിൽ രണ്ടുദിവസം സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം ലഭിക്കുന്നുണ്ട്.

ഉപജില്ലാ തല കലാകായിക ശാസ്ത്ര പ്രവൃത്തി പരിചയമേളകളിൽ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. എൽ എസ് എസ് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. വിജ്ഞാനോത്സവം വിദ്യാരംഗം അക്ഷരമുറ്റം എന്നിങ്ങനെ മത്സരപരീക്ഷകളിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നു.

നിരന്തര വിലയിരുത്തൽ ആത്യന്തിക വിലയിരുത്തൽ എന്നിവ വഴി പഠന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുകയും പിന്തുണ പ്രവർത്തനങ്ങൾ നൽകി പഠന പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

പിടിഎയുടെ സഹകരണത്തോടെ വിഭവ സമൃദ്ധവും പോഷകസംമ്പുഷ്ടവുമായ ഉച്ചഭക്ഷണം നൽകിവരുന്നു.

ഓണം ക്രിസ്മസ് ആഘോഷങ്ങൾ വാർഷികാഘോഷം എന്നിവ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു.

കുട്ടികളുടെ കായിക വളർച്ചയ്ക്കായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കിഡ്സ് ജിം ഒരുക്കുകയും ആഴ്ചയിൽ ഒരിക്കൽ കായിക പരിശീലനം നൽകുകയും ചെയ്തുവരുന്നു.

മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എൽ പി വിഭാഗം പ്രീ പ്രൈമറി വിഭാഗം എന്നിങ്ങനെ പ്രത്യേകം പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

ധാരാളം തണൽ മരങ്ങളും ഔഷധ ചെടികളും പൂച്ചെടികളും ഫലവൃക്ഷങ്ങളും നിറഞ്ഞ പരിസ്ഥിതി സൗഹൃദമായ വിദ്യാലയ പരിസരം ഏറെ ആകർഷണീയമാണ്. ഇവിടെ ശിശു സൗഹൃദ അന്തരീക്ഷം ഒരുക്കി പ്രവർത്തിച്ചുവരുന്ന വിദ്യാലയം പുരോഗതിയുടെ പാതയിലാണ്.

## അധ്യാപകരും വിവരങ്ങളും 2025 -26

| അധ്യാപകന്റെ പേര് | ചുമതല |
|---|---|
| Shani T.K | H.M |
| Thomas V.A | Sn. Teacher |
| Shiji Sankar | Teacher |
| Ramsiya A.I | Teacher |
| Minimol A.S | Pre-Primary Teacher |
| Valsa | Ayah |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ് മുറി | 4 | 2 |
| 2 | ആൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 2 | |
| 3 | പെൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 3 | |
| 4 | ഭിന്നശേഷി ടോയ്‌ലറ്റ് | 1 | |
| 5 | കിണർ | 1 | |
| 6 | ലൈബ്രറി /റീഡിങ് റൂം | | 1 |
| 7 | ചുറ്റുമതിൽ | ✓ | |
| 8 | കളിസ്ഥലം | | ✓ |
| 9 | വർണ്ണക്കൂടാരം/പാർക്ക് | 1 | |
| 10 | റാംപ് | 2 | |
| 11 | അടുക്കള | 1 | |
| 12 | കമ്പ്യൂട്ടർ ലാബ് | 1 | |
| 13 | വിഷയലാബുകൾ | 4 | 1 |
| 14 | സ്റ്റേജ് | 1 | |
| 15 | കമ്പ്യൂട്ടർ | 5 | 2 |
| 16 | ലാപ് ടോപ് | 3 | 2 |
| 17 | സൗണ്ട് സിസ്റ്റം | 1 | |
| 18 | പ്രൊജക്ടർ | 2 | |
| 19 | സ്മാർട്ട് ടി വി | 3 | |
| 20 | ഇന്ററാക്ടിവ് പാനൽ | 3 | 1 |

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- കല പ്രവർത്തിപരിചയ മേഖലകളിലെ പരിശീലനത്തിന് സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അഭാവം
- കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല
- പ്രാദേശിക വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്നില
- ഭിന്നശേഷി വിദ്യാർഥികളുടെ വർദ്ധനക്കനുസൃതമായി സ്പെഷ്യൽ എജുക്കേറ്ററുടെ സേവനം നിത്യവും ലഭിക്കാത്തത്

## ഭൗതികം

- റിസോഴ്സ് റൂമുകളുടെ അഭാവം
- അനുയോജ്യമായ കളിസ്ഥലത്തിന്റെ അഭാവം
- വേണ്ടത്ര ക്ലാസ് റൂമുകളുടെ ലഭ്യതക്കുറവ്
- കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസൃതമായി അസംബ്ലി ഹാളിന്റെ അഭാവം
- സ്കൂൾ കോമ്പൗണ്ടിനകത്ത് വെള്ളക്കെട്ട് പരിഹരിക്കാത്തത്

# അക്കാദമിക മാസ്റ്റർപ്ലാൻ

## എൽ.പി.വിഭാഗം

### മലയാളം

| ക്രമ. നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളെ സ്വാതന്ത്ര വായനക്കാരും രചയിതാക്കളുമാക്കുക | സംയുക്ത ഡയറി<br>വായനോത്സവം<br>രചനോത്സവം<br>ക്ലാസ്സ് ഒരു വായനാകൂട്<br>വീട്ടിലൊരു വായനാകൂട്<br>പാട്ടരങ്ങ്<br>വായനാ കാർഡ് | ജൂലൈ to മാർച്ച്<br>ജൂൺ to മാർച്ച്<br>ഡിസംബർ to മാർച്ച്<br>ജൂൺ to മാർച്ച്<br>ജൂൺ to മാർച്ച്<br>ജൂൺ to മാർച്ച്<br>ജൂൺ to മാർച്ച് | അദ്ധ്യാപകർ, രക്ഷിതാക്കൾ<br>അദ്ധ്യാപകർ, രക്ഷിതാക്കൾ<br>അദ്ധ്യാപകർ, രക്ഷിതാക്കൾ<br>അദ്ധ്യാപകർ, SRG<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ, രക്ഷിതാക്കൾ<br>അദ്ധ്യാപകർ, രക്ഷിതാക്കൾ | പി.ടി.എ<br>പി.ടി.എ |
| 2. | ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതുന്നതിനും പറയുന്നതിനുമുള്ള ഉള്ള ശേഷി നേടുന്നതിന് | സംയുക്ത ഡയറി വായനാക്കുറിപ്പ് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട രചന പതിപ്പ് നിർമ്മാണം | ജൂൺ to മാർച്ച് | അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | പി.ടി.എ |
| 3. | വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കൽ | കഥയെ ചിത്രങ്ങളാക്കൽ<br>കഥയിൽ നിന്ന് സംഭാഷണം, കത്ത്, ഡയറി ......etc. എന്നിവ ഉണ്ടാക്കൽ | ജൂൺ to മാർച്ച് | അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | പി.ടി.എ |
| 4. | വരികൾ കൂട്ടിച്ചേർക്കൽ ഈണം,താളം എന്നിവ പരിചയപ്പെടൽ | ഒരേ ഈണത്തിലുള്ള വ്യത്യസ്ത കവിതകൾ പരിചയപ്പെടൽ<br>പാട്ടരങ്ങ് | ജൂൺ to മാർച്ച് | അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | പി.ടി.എ |
| 5. | ആശയ ഗ്രഹണ വായന ഉറപ്പാക്കുക | പത്രവായന<br>T.B വായന<br>കഥാപുസ്തക വായന<br>വായനാക്കാർഡ് | ജൂൺ to മാർച്ച് | അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | പി.ടി.എ |
| 6. | കുട്ടികളെ ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും പ്രാപ്തരാക്കുന്നതിന്. | എഴുത്ത്,വായന,സംസാര ശേഷി വർദ്ധിപ്പിക്കൽ, ചിത്രവിവരണം,വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ,കൂട്ടിച്ചേർത്ത് എഴുതൽ | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 7. | നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക | ഭാഷാഗെയിമുകൾ, ആക്ഷൻസോംഗ്സ്, ഭാവാത്മക വായന, കഥ പറയൽ, **ICT** ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | പി.ടി.എ |
| 8 | ആലോചനകളും അനുഭവങ്ങളും എഴുതുന്നത് | കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ, ലൈബ്രറി പുസ്തകങ്ങൾ, വായിക്കൽ | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | പി.ടി.എ |
| 9 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്സ് ടീച്ചർ | പി.ടി.എ ഫണ്ട് |
| 10 | വായനാശേഷി വളർത്തൽ | ക്ലാസ്സ് ലൈബ്രറി, പുസ്തക പരിചയം, പത്രവായന | ജൂൺ മുതൽ മാർച്ച് വരെ | **HM,** ക്ലാസ്സ് ടീച്ചർ, **CPTA** | പി.ടി.എ |
| 11 | ലേഖനശേഷി വളർത്തൽ | രചന പരിചയക്കുറിപ്പ്<br>സർഗ്ഗാത്മക ഡയറി<br>പാഠഭാഗ പ്രവർത്തനങ്ങൾ | ജൂൺ മുതൽ<br>മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | പി.ടി.എ |

## ENGLISH

| | AIM | Activities | Term | Responsibilitiy | Financial Support |
|---|---|---|---|---|---|
| 1. | Giving ample exposure to listen English language | Languages games ,Kid's stories, rhymes,Cartoons should be used. Teacher student interaction must be in English | June to March | Teacher, Parents | SRG |
| 2 | Giving opportunities to speak English with confidence | Story telling, Class room interaction, role play, skits | June to March | Teacher, Parents | SRG |
| 3. | To Speak, Read & Write English without any mistake | Games, Action Song, Conversation, Skit Story reading, Picture description, Self introduction, Assembly, Speech, Quiz, Riddles, News Paper reading, Identify the naming words from the Picture. conversation | June - March | Teachers, Parents, Students | PTA |
| 4 | Develop creative speaking and writing | Books reading, find words, rhyming words, TB activities | June to March | Class Teacher, Parents | |
| 5 | To improve the presentation power | Skit, stories, diary, Exhibition, conversations, story reading | June to March | Class Teacher, Parents | PTA |
| 6 | To improve listening skill | Games, action song, listening comprehension exercises | June to March | Class Teacher | |
| 7 | To improve speaking skill | Picture reading, Assembly activities | June to March | Class Teacher | PTA |
| 8 | To improve reading skills | Library book reading, Textbook activities | June to March | Class Teacher, Parents | |
| 9 | To improve writing skills | Make words, riddles, Discourse construction | June to March | Class Teacher, Parents | PTA |

# ഗണിതം

| ക്രമ. നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംഖ്യാബോധവും ക്രിയാശേഷി കളും എല്ലാവരിലും നേടിയെടുക്കു ന്നതിന് | ഗണിത കേളികൾ, വർക്ക് ഷീറ്റുകൾ, പസിലുകൾ മാന്ത്രിക ചതുരങ്ങൾ, മഞ്ചാടി സഞ്ചി, അബാക്കസ് പരിചയപ്പെടൽ, സ്ഥാനവില പോക്കറ്റ് | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | **SRG** |
| 2. | വിവിധ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന് | ചിത്രം വരയ്ക്കൽ, നിറം നൽകൽ, നിർമ്മാണ പ്രവർ ത്തനങ്ങൾ, ശേഖരണം | ജൂൺ **to** സെപ്റ്റംബർ | അദ്ധ്യാപകർ, രക്ഷിതാക്കൾ | **SRG** |
| 3. | നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ | വർക്ക് ഷീറ്റുകൾ, കഥകൾ,പാട്ടുകൾ, ക്ലാസ്സിലൊരു കട ഒരുക്കൽ, വിലവിവരപ്പട്ടിക തയ്യാറാക്കൽ | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | **SRG** |
| 4 | കലണ്ടറിലെ പാറ്റേണുകൾ, ബന്ധ ങ്ങൾ തിരിച്ചറിയുന്നതിന് | കലണ്ടർ പരിചയപ്പെടൽ, കലണ്ടർ നിർമ്മാണം | ജൂൺ **to** മാർച്ച് | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | **PTA** |
| 5 | മനഗണിതത്തിന് കുട്ടികളെ പ്രാപ്ത രാക്കൽ | മനഗണിതത്തിനു പ്രധാന്യം നൽകിയുള്ള പ്രവർത്തന ങ്ങൾ, രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനം | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | **PTA** |
| 6 | അളവിന്റെ ഏകകങ്ങൾ പരിചയപ്പെ ടൽ, പ്രവർത്തത്തിലേർപ്പെടൽ | മീറ്റർ സ്കെയിൽ നിർമ്മാണം, ക്ലാസ്സ് റൂമിലും വീട്ടിലും ലഭ്യമായ വസ്തുക്കളുടെ നീളം അളന്നെഴുതൽ | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | **PTA** |
| 7 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | വിവിധതരം കളികൾ, പാമ്പും കോണീം, കച്ചവടകളി | **June to March** | **Class Teacher SRG** | **PTA Fund** |
| 8 | ഗണിതശേഷികളുടെ പ്രകടനം | പസിൽ, പാറ്റേൺ, പഠനോപകരണ നിർമ്മാണം | **June to March** | **Class Teacher SRG** | **PTA Fund** |
| 9 | ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജന പ്പെടുത്തുന്നു. | ജികോംപ്രീസ്, വിവിധ പ്രവർത്തനങ്ങൾ | **June to March** | **Class Teacher SRG** | **PTA Fund** |

# പരിസരപഠനം

| ക്രമ. നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രകൃതിയെ അറിയുന്നതിനും, ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം, ശേഖരണം, വീഡിയോ പ്രദർശനം, ചുറ്റുപാടും നിരീക്ഷിക്കൽ നിരീക്ഷണ കുറിപ്പ്,പരീക്ഷണം | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | **SRG** |
| 2 | ചെറു പരീക്ഷണങ്ങളിൽ ഏർപ്പെടുന്ന തിന് | ലഭ്യമായ വസ്തുക്കളുപയോഗിച്ച് ലഘു പരീ ക്ഷണങ്ങളിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | |
| 3 | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്, വ്യക്തി ശുചിത്വത്തിന്റെയും പരിസര ശുചി ത്വത്തിന്റെയും പ്രാധാന്യം തിരിച്ച റിയൽ | ബോധവൽക്കരണ ക്ലാസ്സ്, **ICT** യിലൂടെ ഗുണങ്ങളും, ദോഷങ്ങളും പരിചയപ്പെടൽ, പ്ലക്കാർഡ് നിർമ്മാണം, ശുചിത്വ **Poster** നിർമ്മാണം, സ്കൂൾ ശുചി ത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർ ത്തകരുമായി അഭിമുഖം | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | **PTA, SRG** |
| 4 | നാടറിയാൻ-നാട്ടറിവുകൾ | ഫീൽഡ് ട്രിപ്പ്<br>അഭിമുഖം | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | **PTA, SRG** |
| 5 | നമുക്ക് ചുറ്റുമുള്ള വിവിധ സസ്യങ്ങ ളെ പരിചയപ്പെടൽ | നിരീക്ഷണം, പ്രകൃതി നടത്തം, വിത്ത് മുളപ്പി ക്കൽ, ഹരിതക്കാർഡ് നിർമ്മാണം | ജൂൺ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| 6 | മണ്ണിന്റെ സവിശേഷതകൾ തിരിച്ച റിയൽ | നിരീക്ഷണം,ം ലഘു പരീക്ഷണം, പ്രകൃതി നടത്തം | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | **PTA** |
| 7 | മഴയുടെ അളവ് തിരിച്ചറിയൽ | നിരീക്ഷണം,ം മഴമാപിനി നിർമ്മാണം | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| 8 | ഇന്ത്യയുടെ സ്ഥാനം,ദേശീയ പതാക ദേശീയ ചിഹ്നങ്ങൾ, കേരളത്തിന്റെ ഭൂപ്രകൃതി ഇവ തിരിച്ചറിയൽ | ഗ്ലോബ് നിർമ്മാണം, ദേശീയ പതാക വരയ് ക്കൽ, എന്റെ കേരളം ചിത്രരചന, ഭൂപട വായന, ഭൂപ്രകൃതി തിരിച്ചറിയൽ | ജനുവരി, ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | |
| 9 | നിരീക്ഷണം, അറിവ് നിർമ്മാണം | പരീക്ഷണം, ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | **HM Class, teacher, CPTA** | **PTA** |
| 10 | ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ, പ്രദർശനം | ജൂൺ **to** മാർച്ച് | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | **PTA** |
| 11 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പഠനോപകരണ നിർമ്മാണം, പതിപ്പ് ആൽബം എന്നിവയുടെ നിർമ്മാണം, പരീക്ഷ ണങ്ങളിൽ ഏർപ്പെടൽ | ഒക്ടോബർ **to** മാർച്ച് | ക്ലാസ്സ് ടീച്ചർ | **PTA** |
| 12 | കേരളം, ഇന്ത്യ ഭൂപട വായന | ഭൂപട വായന, സൂചിക നിർമ്മാണം, ഭൂപട രചന | ജനുവരി | ക്ലാസ്സ് ടീച്ചർ | **PTA** |

## കല

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ വ്യവഹാര രൂപങ്ങൾ അഭിന യത്തിലൂടെ ആവിഷ്കരിക്കുന്നു. | ദൃശ്യാവിഷ്ക്കാരം, സ്കിറ്റ്, റോൾ പ്ലേ, പാവനാടകം **etc.** | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | PTA SRG |
| 2. | നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർ പ്പെടുന്നു. | പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ വസ്തുക്കൾ നിർമ്മി ക്കുന്നു. | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | PTA SRG |
| 3 | നിശ്ചിത തീമുമായി ബന്ധപ്പെട്ട് ചിത്രം വരയിൽ ഏർപ്പെടുന്നു. | നൽകുന്ന സന്ദർഭത്തിനനുസരിച്ച് ചിത്രം വരയ്ക്കുന്നു. | വർഷം മുഴുവൻ | അദ്ധ്യാപകർ, രക്ഷിതാക്കൾ | PTA SRG |

## ആരോഗ്യം

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാരീരിക ചലനങ്ങളുമായി ബന്ധ പ്പെട്ട കളികളിൽ ഏർപ്പെടുന്നു. | സൂംബാ ഡാൻസ്,യോഗ, വ്യായാമങ്ങൾ വിവി ധ കളികൾ | വർഷം മുഴുവൻ | അധ്യാപിക | PTA SRG |